**പതിനാലാം കേരള നിയമസഭ**

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 486 **30.06.2016**-ലെ മറുപടിക്ക്

<u>പട്ടികജാതി കുടുംബങ്ങളുടെ ഭവന നിർമ്മാണ പദ്ധതി</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പുരുഷൻ കടലുണ്ടി<br>ശ്രീ.എം. മുകേഷ്<br>ശ്രീ.പി.കെ. ശശി<br>ശ്രീമതി.വീണാ ജോർജ്ജ്** | | **ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങളുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ അതു ലഭ്യമാക്കുമോ; | (എ) | നിലവിൽ 26210 ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾ ഉള്ളതായി കണക്കാക്കിയിട്ടുണ്ട്. |
| (ബി) | ഇത്തരം കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിനായി എന്തു പദ്ധതിയാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | പട്ടികജാതി വികസന വകുപ്പിന്റെ ഭവന നിർമ്മാണ ധനസഹായ പദ്ധതി നിലവിലുണ്ട്. വീട് നിർമ്മാണത്തിനായി 3,00,000/- ലക്ഷം രൂപ അനുവദിച്ചുവരുന്നു. |
| (സി) | മുൻസർക്കാരിന്റെ കാലത്ത് അനുവദിച്ച പരിമിത എണ്ണം വീടുകളിൽ മൂന്നിലൊന്നു മാത്രം പണിപൂർത്തിയാക്കിയതായി പറയപ്പെടുന്ന സ്ഥിതിവിശേഷം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (സി) | വിലയിരുത്തിയിട്ടുണ്ട്.<br>മുൻ സർക്കാരിന്റെ കാലത്ത് ആകെ 24594 വീടുകൾ അനുവദിച്ചതിൽ 14031 എണ്ണം പൂർത്തിയാക്കിട്ടുണ്ട്. ഇനി 10563 വീടുകൾ കൂടി പൂർത്തിയാക്കാനുണ്ട്. |
| (ഡി) | വീട്ടു നിർമ്മാണം പൂർത്തിയാക്കാൻ കഴിയാതെ ബുദ്ധിമുട്ടുന്നവരെ സഹായിക്കാനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് അറിയിക്കുമോ? | (ഡി) | ഭവന നിർമ്മാണ ധനസഹായം കൈപ്പറ്റിയിട്ടും പണി പൂർത്തിയാക്കാത്ത വീടുകൾ പൂർത്തിയാക്കുന്നതിനുള്ള പദ്ധതി രൂപീകരിക്കുന്ന വിഷയം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ